ശ്രീ. ദാമോദരൻ കാളാശ്ശേരി: പല ജില്ലകളിലും ഇതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണു വിവരം ശേഖരിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞത്.

ശ്രീ. ആർ. സുന്ദരേശൻനായർ: ഡെവലപ്പ്മെന്റു ഡിപ്പാർട്ടുമെന്റു വഴി മരാമത്തുപണികളും നടത്തുന്ന ഒരു പ്രവണത കൂടിക്കൂടി വരുന്നുണ്ട്. ഡെവലപ്പ്മെന്റു ഡിപ്പാർട്ടുമെന്റിൽ സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെ അഭാവംകൊണ്ട് ഈ പണികളുടെ മേൽനോട്ടം ശരിക്കും നടക്കുന്നില്ലെന്നും അതുകൊണ്ട് ഈ പണികളുടെ പ്രയോജനം ശരിക്കും നാട്ടുകാർക്കു ലഭിക്കുന്നില്ലെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡെവലപ്പ്മെന്റു ഡിപ്പാർട്ടുമെന്റിൽ സാങ്കേതികോദ്യോഗസ്ഥൻമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: അങ്ങനെയുള്ള പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. നല്ല നിലയിൽ പ്രവർത്തനം നടക്കുന്നതായാണ് ശ്രദ്ധയിൽപെട്ടിട്ടുള്ളത്. പരാതിയുണ്ടെങ്കിൽ അതു തെളിയിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ഉപയോഗക്ഷമമല്ലാതാകുന്ന ട്രാൻസ്പോർട്ട് ബസ്സുകൾ

* 630 [687] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:
,, കെ. രാഘവൻ മാസ്റ്റർ:
,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് നടത്തുന്ന ട്രാൻസ്പോർട്ട് ബസ്സുകൾ എത്ര വർഷം കഴിയുമ്പോഴാണ് ഉപയോഗക്ഷമമല്ലാത്തതായി കണക്കാക്കി സർവ്വീസ് നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നത്;

(ബി) ഇതിന് വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ സംസ്ഥാനത്ത് ഉണ്ടോ;

(സി) ഇപ്രകാരം പഴക്കം ചെന്ന എത്ര ബസ്സുകൾ ഇപ്പോൾ കേരള റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വകയായി സർവ്വീസ് നടത്തുന്നുണ്ട്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ, ബി) കേരള മോട്ടോർ വാഹനചട്ടങ്ങളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് പതിനാറുകൊല്ലത്തിൽ കൂടുതൽ പ്രായം ചെന്ന വണ്ടികൾ ഓടിക്കാൻ പാടില്ലായെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 16 കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള വണ്ടികളെല്ലാം ഉടൻ പിൻവലിക്കുകയാണെങ്കിൽ അതു സർവ്വീസ് നടത്തിപ്പിനെ ദോഷകരമായി ബാധിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടം 31.12.1979 വരെ നടപ്പിൽ വരുന്നതല്ലായെന്നറിയിച്ചുകൊണ്ട് ഗവൺമെന്റ് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പതിനാറുകൊല്ലത്തിൽ കൂടുതൽ പഴക്കം ചെന്ന 113 വണ്ടികൾ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ 16 കൊല്ലം പഴക്കംചെന്ന ബസ്സുകളിൽ യാത്ര ചെയ്യുന്നതു യാത്രക്കാരുടെ ജീവനു് ആപത്താണെന്നുള്ളതുകൊണ്ടാണു് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതു്. ആ നിയമം കർശനമായി പാലിച്ചുകൊണ്ടു് കണ്ടം ചെയ്തിട്ടുള്ള ബസ്സുകൾ ഓടിക്കാതെ പുതിയ ബസ്സുകളിടാൻ ഗവൺമെന്റു് ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ട്രാൻസ്പോർട്ടു് കോർപ്പറേഷൻ മാത്രമല്ല, പ്രൈവറ്റു മേഖലയിലും 16 വയസ്സിൽ കൂടിയ ബസ്സുകളുണ്ടു്. അതുകൊണ്ടു് യാത്രക്കാർക്കു് അപകടമുണ്ടാകുമെങ്കിലും പഴയ ബസ്സുകൾ വേണ്ടത്ര മെയിന്റനൻസു് നടത്തിയിട്ടു മാത്രമേ ഓടിക്കാവൂ എന്നു പറഞ്ഞതുകൊണ്ടാണു് ഒരു വർഷംകൂടി നീട്ടിക്കൊടുത്തിരിക്കുന്നതു്. ഇനിയും നീട്ടിക്കൊടുക്കാതിരിക്കുവാൻ പരിശ്രമിക്കാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പൊതുമേഖലയിലായാലും സഹകാര്യമേഖലയിലായാലും ഇങ്ങനെയുള്ള ബസ്സുകൾ ഓടിക്കുന്നതു കർശനമായി തടയാനും പകരം പുതിയ ബസ്സുകൾ ഓടിക്കാനും നടപടി സ്വീകരിക്കുമോ? പൊതുമേഖലയും സഹകാര്യമേഖലയും തമ്മിലുള്ള വിവേചനമല്ല ഞാൻ ചോദിച്ചതു്.

ശ്രീ. കെ. നാരായണക്കുറുപ്പ്: പഴയ ബസ്സുകൾ മാറ്റാൻ നടപടി എടുത്തുകൊണ്ടിരിക്കുകയാണു്. എല്ലാം കൂടി പെട്ടെന്നു് മാറ്റാൻ ബുദ്ധിമുട്ടുണ്ടു്. 1974 മുതൽ ഈ നിയമം നീട്ടിക്കൊണ്ടു പോകുകയാണു്. 1974 മുതൽ 79 വരെ ബസ്സിന്റെ വയസ്സും കൂടിക്കൊണ്ടിരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാറ്റാതെ പ്രൈവറ്റു് മേഖലയിലെ ബസ്സുകൾ മാറ്റാൻ പറ്റുകയില്ല. ഈ വർഷം 500 ബസ്സുകൾ ഇതിനുവേണ്ടി നിരത്തിവയ്ക്കാൻ ആഗ്രഹിക്കുകയാണു്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഹൈറേഞ്ചു് പ്രദേശമായ ഇടുക്കി, വയനാടു് മുതലായ സ്ഥലങ്ങളിൽ 16 വർഷം കഴിഞ്ഞ ബസ്സുകൾ ഓടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതു മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: താരതമ്യേന നല്ല ബസ്സുകളാണു് ഹൈറേഞ്ചിൽ ഓടിക്കുന്നതു്. അതിൽ 16 വയസ്സിൽ കൂടുതലുള്ള ബസ്സുകൾ ഉണ്ടോയെന്നുള്ളതു പരിശോധിക്കണം.

ശ്രീ. ഇ. നാരായണൻ നായർ: 16 വയസ്സുകഴിഞ്ഞ കണ്ടംചെയ്യാറായ 113 ബസ്സുകൾ കെ. എസ്. ആർ. ടി. സി.യിൽ ഇപ്പോഴും ഓടിക്കുന്നുണ്ടെന്നു പറഞ്ഞു. ഇതു ലാഭകരമായതുകൊണ്ടോണോ അതോ കൂടുതൽ കാലം സർവ്വീസു് നടത്തിയ വണ്ടികളോടുള്ള സ്നേഹംകൊണ്ടോണോ ഇതു് ഉപേക്ഷിക്കാത്തതു്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്നേഹത്തിന്റെ പ്രശ്നമല്ല. പെട്ടെന്നു് ഈ ബസ്സുകൾ മാറിയാൽ പകരം ഓടിക്കാൻ ബസ്സ് ഇല്ലാത്തതുകൊണ്ടു് പഴയ ബസ്സുകൾ മെയിന്റനൻസു് നടത്തി ഓടിക്കാൻ നിർബന്ധിതരായിത്തീർന്നിരിക്കുകയാണു്.

ശ്രീ. എം. പി. ഗംഗാധരൻ: കാലാവധികഴിഞ്ഞിട്ടും ഓടിക്കാൻ കെ.എസ്.ആർ.ടി.സി. ബസ്സുകളെ അനുവദിക്കുന്നതുകൊണ്ടാണു് പ്രൈവറ്റു് ബസ്സുകളുടെ ഹർജിവരുമ്പോൾ അനുവദിക്കേണ്ടി വരുന്നതു്. ജനങ്ങളുടെ ജീവനെക്കരുതി പ്രൈവറ്റു് ബസ്സുകളുടെ കാര്യത്തിലെങ്കിലും ഇതു് അനുവദിക്കാതിരിക്കാൻ കർശനമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പരമാർത്ഥമാണ്. കെ.എസ്.ആർ.ടി.സി. യുടെ കാര്യത്തിൽ ബുദ്ധിമുട്ടുള്ളതുകൊണ്ട് പ്രൈവറ്റ് മേഖലയിൽ കർശനമാക്കാൻ ബുദ്ധിമുട്ടുണ്ട്. 1974 മുതൽ 79 വരെ നീട്ടിക്കൊടുത്തിട്ടുള്ളതുകൊണ്ട് സാധാരണഗതിയിൽ നീട്ടിക്കൊടുത്തു എന്നുള്ളതേയുള്ളൂ. 1974-ൽ ഇത്രയും ബുദ്ധിമുട്ടില്ലായിരുന്നു. അന്ന് ഇതു മാറ്റാമായിരുന്നു. ഇന്ന് കൂടുതൽ അപകടമുണ്ട്. 1979 കഴിഞ്ഞാൽ യാതൊരു കാരണവശാലും നീട്ടിക്കൊടുക്കുകയില്ല. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യത്തിലും ഈ വർഷംകൊണ്ട് എല്ലാ ബസ്സുകളും മാറ്റാൻ നടപടിയെടുത്തുകഴിഞ്ഞു.

ശ്രീ. ആർ. സുന്ദരേശൻ നായർ: പ്രായംചെന്ന 113 ബസ്സുകളിൽ എത്ര ബസ്സുകൾ തിരുവനന്തപുരം സിറ്റിയിൽ ഓടുന്നുണ്ട്?

ശ്രീ. കെ. നാരായണക്കുറുപ്പ്: താരതമ്യേന കൂടുതൽ ബസ്സുകൾ തിരുവനന്തപുരം സിറ്റിയിലാണ്.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: ഇപ്പോൾ ട്രക്കുകൾ കിട്ടാൻ ഒന്നോ രണ്ടോ കൊല്ലത്തെ താമസമുണ്ട്. അതിന് വലിയ പ്രിയംതന്നെ മാർക്കറ്റിൽ ഉണ്ട് എന്നുള്ളതുകൊണ്ട് പെട്ടെന്ന് ഇതു റീപ്ലേസുചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നുള്ള കാര്യം അറിയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രായോഗിക ബുദ്ധിമുട്ടുണ്ട്. അങ്ങനെ ബുദ്ധിമുട്ടുണ്ടെങ്കിലും ഇനിയും ഇതു നീട്ടിക്കൊണ്ടുപോകാനും ബുദ്ധിമുട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്ബ്: 16 വർഷം കഴിഞ്ഞ ബസ്സുകൾ പ്രൈവറ്റ് മേഖലയിൽ ഓടിക്കുന്നുണ്ടെന്നു പറഞ്ഞു. ഈ വാഹനങ്ങൾ ടെസ്റ്റിംഗിനു കൊണ്ടുചെല്ലുമ്പോൾ അത് എത്ര പഴക്കംചെന്നതാണെങ്കിലും വെഹിക്കിൾ ചെക്കുചെയ്യുന്നവരെ കാണേണ്ടരീതിയിൽ കണ്ടാൽ ടെസ്റ്റിൽ കണ്ടീഷനാക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് ഈ ടെസ്റ്റിംഗ് കർശനമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രായമാണ് കാര്യം. കൊല്ലം മാറ്റാൻ കഴിയുകയില്ല. വയസുകഴിഞ്ഞാലും ഓടിക്കാൻ കഴിയുന്നതിന്റെ പിന്നിൽ വല്ല പ്രേരണയും ഉണ്ടോയെന്നും അറിഞ്ഞു കൂടാ. പക്ഷേ, ഇളവുചെയ്തുകൊടുത്തില്ലെങ്കിൽ അതിൽ കൂടുതൽകൂടുതൽ അഴിമതിയുണ്ടാകാൻ സാദ്ധ്യതയുണ്ട്.

ശ്രീ. എം. വി. രാഘവൻ: ഉപയോഗശൂന്യമായ ബസ്സുകൾ ഓടിക്കുന്നതുകൊണ്ട്, ഇന്നലെ ഞാൻ വടക്കോട്ട് യാത്രചെയ്തപ്പോൾ മൂന്നു ബസ്സുകൾ വഴിയിൽ വീണുകിടക്കുന്നതുകണ്ടു. ഒരു ബസ്സിൽ യാത്ര ചെയ്തിരുന്ന സ്റ്റുഡൻസ് മറ്റു വാഹനങ്ങൾ മുഴുവൻ തടഞ്ഞിട്ടു. ഞങ്ങളുടെ ബസ്സും തടഞ്ഞിട്ടു. വേറൊരു കെ.എസ്. ആർ.ടി.സി. ബസ് വന്നപ്പോൾ അവർ അതിൽ ചാടിക്കയറി പല സ്ഥലങ്ങളിലുമായി യാത്രയാരംഭിച്ചു. അതുകൊണ്ട് ഒന്നുകിൽ ഈ ഡിപ്പാർട്ടുമെന്റ് കാര്യക്ഷമമായി നടത്തുക, അല്ലെങ്കിൽ ഇതു പിരിച്ചുവിട്ട് ജനങ്ങളെ രക്ഷിക്കുക.

ശ്രീ. കെ. നാരായണക്കുറുപ്പ്: അദ്ദേഹം പറഞ്ഞതു ശരിയായിരിക്കാം. കെ.എസ്.ആർ.ടി.സി. യിൽ മാത്രമല്ല ഈ രാജ്യത്ത് എല്ലാ രംഗത്തും മനുഷ്യർക്ക് സൈരമായി നടക്കാൻ സാദ്ധ്യമല്ലാത്ത അനുഭവമുണ്ട്. അതിന്റെ പ്രതിഫലനം കെ.എസ്.ആർ.ടി.സി.യിലും കാണാം.

LIBRARY ARCHIVES Kerala Legislative Assembly